## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2009 | 11.02.2020-ൽ മറുപടിക്ക്

**മാധ്യമപ്രവർത്തകൻ കെ.എം. ബഷീർ കൊല്ലപ്പെട്ട കേസിന്റെ കുറ്റപത്രസമർപ്പണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മാധ്യമപ്രവർത്തകൻ കെ.എം.ബഷീർ വാഹനമിടിച്ച് കൊല്ലപ്പെട്ട കേസിൽ സംഭവം നടന്ന് ആറ് മാസത്തോടടുത്തിട്ടും കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മാധ്യമപ്രവർത്തകനായ കെ.എം.ബഷീർ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 1656/19 നമ്പർ കേസിന്റെ ചാർജ്ജ് ഷീറ്റ് 31.01.2020 തീയതിയിൽ ബഹു.കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കുറ്റപത്രം സമർപ്പിക്കപ്പെട്ടാൽ സസ്പെൻഷൻ റദ്ദാക്കാനാകില്ലെന്നിരിക്കെ, കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ സർവ്വീസിലേക്ക് തിരികെ വരുന്നതിനായി കുറ്റപത്ര സമർപ്പണത്തിൽ ബോധപൂർവ്വമായ താമസം വരുത്തുകയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രസ്തുത കേസിന്റെ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതിന് ബോധപൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ല. |
| (സി) പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉദ്യോഗസ്ഥ സമിതി സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായോ എന്നറിയിക്കാമോ; | (സി) ഇല്ല. |
| (ഡി) എങ്കിൽ കുറ്റപത്രസമർപ്പണം ഏതാനും ദിവസങ്ങൾ കൂടി താമസിച്ചാൽ സസ്പെൻഷനിൽ ആറ് മാസം പിന്നിടുന്ന ഇദ്ദേഹത്തിന് അനായാസം സർവ്വീസിൽ തിരിച്ചെത്താൻ ചീഫ് സെക്രട്ടറിയുടെ ശിപാർശ സഹായകരമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ